
# ഗവ.വി. & എച്ച്.എസ്.എസ്.ഫോർ ഗേൾസ് മണക്കാട്,തിരുവനന്തപുരം.



## തിരുവനന്തപുരം സൗത്ത് ഉപജില്ല

# ഗാന്ധിദർശൻ പഠനപരിപാടി

# പ്രവർത്തന റിപ്പോർട്ട് 2021-2022

# തിരുവനന്തപുരം സൗത്ത് ഉപജില്ല



# 2021-2022 ഗാന്ധിദർശൻ പഠനപരിപാടി

ഗാന്ധിജിക്ക് ശേഷമുള്ള കാലഘട്ടം ഗാന്ധിജി ആഗ്രഹിച്ച രീതിയിൽ ആണോ കടന്നുപോകുന്നത്. എന്നാൽ ഇന്നും 'സ്വദേശി' എന്ന വാക്ക് നമ്മിലൂടെ കടന്നുപോകുന്നു. കുടുംബത്തിൽ എന്ത് ചെയ്യാം? സമൂഹത്തിൽ എന്ത് ചെയ്യാം? അതാണ് നമ്മിൽ നിക്ഷിപ്തമായ കർത്തവ്യം. ഗാന്ധിദർശൻ പഠനപരിപാടിയിലൂടെ കുട്ടികളുടെ സർവതോന്മുഖമായ വികസനം, പരിസര ശുചീകരണം, ആരോഗ്യപരിപാലനം, പ്രശ്നങ്ങളെ സമചിത്തതയോടെ കൂടി കൈകാര്യം ചെയ്യാനുള്ള കഴിവ് എന്നിവ സ്വായത്തമാക്കാൻ കുട്ടികൾക്ക് കഴിയുന്നു. അതിനുള്ള പരിശീലനവും ഗാന്ധിദർശൻ അധ്യാപകരിൽ നിന്ന് കുട്ടികൾക്ക് ലഭിക്കുന്നു. ഗാന്ധിദർശൻ പഠന പരിപാടിയിൽ ഉൾപ്പെട്ട കുട്ടികളും അധ്യാപകരും നന്മയുടെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നു. ജാതിമതചിന്തകൾക്കതീതമായി പ്രവർത്തിക്കാനും കഴിയുന്നു.

കോവിഡ് മഹാമാരിയിൽ ലോകമെങ്ങും പകച്ച നിന്നപ്പോഴും ഗാന്ധിദർശൻ പഠന പരിപാടികൾ ഓൺലൈനായും ഓഫ്‌ലൈനായും നമ്മുടെ കുട്ടികളിൽ എത്തിക്കാൻ സാധിച്ചു. ഇത് വളരെയധികം വിജയകരമാക്കാനും കഴിഞ്ഞു.



# 2021-22 അധ്യയന വർഷത്തിലെ ഗാന്ധിദർശൻ പ്രവർത്തനങ്ങൾ

- പാഠപുസ്തക പഠനം (മോനിയ കഥകൾ)
- ഗാന്ധിജയന്തി വാരാഘോഷം (സർവ്വമത പ്രാർത്ഥന, ഗാന്ധി ഗാനാലാപനം ഗാന്ധി ജയന്തി പ്രതിജ്ഞ ,ശുചീകരണപ്രവർത്തനങ്ങൾ, സോപ്പ് നിർമ്മാണം)
- അമൃതോത്സവം മരംനടീൽ (ഒക്ടോബർ 8 ന് 10 മണിക്ക് അധ്യാപകരും കുട്ടികളും വീടുകളിലും,സ്കൂളുകളിലും ഗാന്ധിമരം നടൽ )
- വിനോബാഭാവേ 125 വാർഷികത്തിന്റെ ഭാഗമായി ഒക്ടോബർ 10 ന് രാവിലെ 10 മണിക്ക് ഓൺലൈൻ മെഗാമീറ്റ് .
- ഗാന്ധിജി രക്തസാക്ഷിത്വദിനാചരണം (ജ്യോതി തെളീക്കൽ, ഗാന്ധി അനുസ്മരണ പ്രഭാഷണം ,ഗാനാലാപനം, പ്രതിജ്ഞ )
- സ്കൂൾതല പ്രശ്നോത്തരി മത്സരം (ഒന്നാം സമ്മാനം ലഭിച്ച കുട്ടികൾക്ക് ഓൺലൈൻ മെഗാക്വിസ് )
- സ്വദേശി ഉല്പന്നനിർമ്മാണ പരിശീലനം (ഹാൻഡ് വാഷ്, സാനിറ്റൈസർ
- യോഗ മെഡിറ്റേഷൻ പരിശീലനം
- പ്രകൃതി ചികിത്സ ഓൺലൈൻ പരിശീലനം
- ഷോട്ട് ഫിലിം നിർമ്മാണം
- സ്ത്രീസുരക്ഷാ ബോധവൽക്കരണ പരിപാടി
- ഗാന്ധിദർശൻ സംഗമം
- റിപ്പബ്ലിക് ദിനാഘോഷം
- മികച്ച സ്കൂളുകളെ ആദരിക്കൽ

സ്കൂൾതലത്തിൽ ഗാന്ധിദർശൻ പഠന പരിപാടിയുടെ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പി ടി എ പ്രസിഡൻറ് ശ്രീ മണികണ്ഠൻ രക്ഷാധികാരി, ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രസ്സ് ശ്രീമതി വിനിതകുമാരി ചെയർപേഴ്സൺ, വാർഡ് കൗൺസിലർ ശ്രീ വിജയകുമാർ, ഗാന്ധിദർശൻ കൺവീനർ ശ്രീമതി ബിന്ദു, ഗാന്ധിദർശൻ കോ-ഓർഡിനേറ്റർ ശ്രീമതി രാജി എന്നിവർ ചേർന്ന് ഒരു കമ്മറ്റി രൂപീകരിച്ചു.

2021-22 അധ്യയനവർഷത്തിലെ പ്രവേശനോത്സവം വെർച്ച്വൽ പ്ലാറ്റ്ഫോമിൽ ജൂൺ ഒന്നിന് നടത്തി. ബഹുമാനപ്പെട്ട വാർഡ് കൗൺസിലർ ശ്രീ വിജയകുമാർ ഉദ്ഘാടനകർമ്മം നിർവഹിച്ചു. അധ്യക്ഷത വഹിച്ചത് പി.ടി,എ പ്രസിഡൻറ് ശ്രീ മണികണ്ഠൻ ആയിരുന്നു. ബഹുമാനപ്പെട്ട ഹയർസെക്കൻഡറി പ്രിൻസിപ്പൽ ഇൻ ചാർജ് ശ്രീ ഹരികുമാർ വി എച്ച് എസ് ഇ പ്രിൻസിപ്പൽ ശ്രീമതി ജോട്ടില ജോയ്സ്,ഡെപ്യൂട്ടി എച്ച്.എം. ശ്രീ സജീവ് കുമാർ ,എച്ച് എസ് എസ് ആർ ജി കൺവീനർ ശ്രീമതി ബിന്ദു, യു പി എസ് ആർ ജി കൺവീനർ ശ്രീമതി കവിത സ്റ്റാഫ് സെക്രട്ടറി ശ്രീ ലിജോ ജി എൽ തുടങ്ങിയവർ നേതൃത്വം നൽകി. തുടർന്ന് ഗാന്ധിദർശൻ പഠനപരിപാടിയുടെ നേതൃത്വത്തിൽ കുട്ടികൾ വീടുകൾ വൃത്തിയാക്കി, അലങ്കരിച്ച്, പാഠപുസ്തകങ്ങൾ അടുക്കിവെച്ച്, മധുരം വിളമ്പി, വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് വീടുകളിൽ പ്രവേശനോത്സവം നടത്തി.





Virtual പ്രവേശനോത്സവം 2021-22

82 പേർ ഇപ്പോൾ കാണുന്നു



Virtual പ്രവേശനോത്സവം 2021-22

നിർധനരായ കുട്ടികൾക്ക് ഓൺലൈൻ പഠന സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി ടി.
വി,ഫോൺ എന്നിവ  വിതരണം ചെയ്തു.








കാർത്തിക തിരുനാൾ ഗവ:
വി ആൻഡ് എച്ച്എസ്എസ്
ഫോർ ഗേൾസ് മണക്കാട്
2021 ജൂൺ 1
ഓൺലൈൻ
11:00 മണിക്ക്




# ജൂൺ 5 പരിസ്ഥിതി ദിനം

ജൂൺ 5 പരിസ്ഥിതിദിനം ഗാന്ധിദർശൻ പഠനപരിപാടിയുടെ നേതൃത്വത്തിൽ കുട്ടികൾ വീടുകളിൽ വൃക്ഷത്തൈ നട്ടുപിടിപ്പിക്കുകയും, പച്ചക്കറികൃഷി ആരംഭിക്കുകയും ചെയ്തു. സ്കൂൾതല ഉദ്ഘാടനം ശ്രീ വേണുഗോപാൽ സാർ നിർവഹിച്ചു.





പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കുട്ടികൾക്ക് ചിത്രരചന മത്സരം നടത്തി.



## ജൂൺ 26 ലഹരിവിരുദ്ധ ദിനം

ലഹരി വിരുദ്ധ ദിനത്തിന്റെ ഭാഗമായി പോസ്റ്റർരചന മത്സരം നടത്തുകയും, ലഹരി ഉപയോഗിച്ചാൽ ഉണ്ടാകുന്ന ദൂഷ്യഫലത്തെക്കുറിച്ച് കുട്ടികൾക്ക് അവബോധം നൽകുകയും, ലഹരി വിരുദ്ധദിന പ്രതിജ്ഞ എടുക്കുകയും ചെയ്തു.




## ഓഗസ്റ്റ് 15 സ്വാതന്ത്ര്യദിനം


സ്വാതന്ത്ര്യദിനത്തിന്റെ ആഘോഷം ഗൂഗിൾ മീറ്റ് വഴിയായിരുന്നു. കാരണം കോവിഡ് മഹാമാരിയായതിനാൽ കുട്ടികൾക്ക് സ്കൂളിൽ വരാനോ നേരിട്ടുള്ള പരിപാടികൾ നടത്താനോ കഴിഞ്ഞില്ല. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് പ്രസംഗം, ഉപന്യാസരചന, ചിത്രരചന ,തുടങ്ങിയവ സംഘടിപ്പിച്ചു.




## പരിശീലനപരിപാടി

സെപ്റ്റംബർ 9 ന് നടന്ന HM പരിശീലനത്തിൽ മണക്കാട് സ്കൂളിലെ ഹെഡ്മാസ്റ്റർ ശ്രീ ജോസ് പി ജെ പങ്കെടുത്തു.

സെപ്റ്റംബർ 11 ന് നടന്ന സൗത്ത് അധ്യാപക പരിശീലനത്തിൽ ഈ സ്കൂളിൽ നിന്നും എച്ച് എസ് വിഭാഗം കൺവീനർ ശ്രീമതി ബിന്ദു K I, യുപി വിഭാഗം കൺവീനർ ശ്രീമതി രാജി എന്നിവർ പങ്കെടുത്തു.


ഗവൺമെൻറ് വി &എച്ച്.എസ്.എസ്, മണക്കാട്
ഗാന്ധിദർശൻ പഠന പരിപാടി
ഉദ്ഘാടനം
18/ 9/ 21 ശനി
6 PM ന് ഗൂഗിൾമീറ്റ്
പ്രാർത്ഥന
സ്വാഗതം :ശ്രീമതി ബിന്ദു കെ ഐ
(സൗത്ത് സബ് ജില്ലാ കൺവീനർ, ഗാന്ധി ദർശൻ )
അധ്യക്ഷൻ : ശ്രീ ജോസ് പി ഇ (ഹെഡ്മാസ്റ്റർ)
ഉദ്ഘാടനം :ശ്രീ ഡോ. ജേക്കബ് പുളിക്കൻ
(ഡയറക്ടർ, ഗാന്ധിദർശൻ & സ്വദേശി )
ഉദ്ഘാടനം
ആശംസകൾ : ശ്രീ.സജീവ് കുമാർ എസ് എ(ഡെപ്യൂട്ടി എച്ച് എം)
ശ്രീമതി ലേഖ വിൽസൺ
(എസ് ആർ ജി കൺവീനർ എച്ച് എസ് )
ശ്രീമതി കവിത S (എസ് ആർ ജി കൺവീനർ യു പി )
ശ്രീ ലിജോ G L ( സ്റ്റാഫ് സെക്രട്ടറി)
കൃതജ്ഞത : ശ്രീമതി രാജി R S ( കോഡിനേറ്റർ ഗാന്ധിദർശൻ )




## സ്കൂൾതല ഉദ്ഘാടനം

2021-22 അധ്യയന വർഷത്തിലെ സ്കൂൾതല ഉദ്ഘാടനം സെപ്റ്റംബർ 18 , 6 PM ന് ഗൂഗിൾമീറ്റ് വഴി ഗാന്ധിദർശന്റെയും,സ്വദേശിയുടെയും ഡയറക്ടർ ശ്രീ ഡോ:ജേക്കബ് പുളിക്കൻ നിർവഹിച്ചു. പ്രസ്തുത യോഗത്തിൽ ഹെഡ്മാസ്റ്റർ ശ്രീ.ജോസ് P J അധ്യക്ഷത വഹിച്ചു. കൺവീനർ ശ്രീമതി ബിനു K I  സ്വാഗതവും, ഗാന്ധിദർശൻ കോ_ ഓർഡിനേറ്റർ ശ്രീമതി രാജി കൃതജ്ഞതയും രേഖപ്പെടുത്തി. ഡെപ്യൂട്ടി എച്ച് എം ശ്രീ സജീവ് കുമാർ ,എച്ച് എസ് ആർ ജി കൺവീനർ ശ്രീമതി ലേഖ വിൽസൺ ,യു പി എസ് ആർ ജി കൺവീനർ ശ്രീമതി കവിത, സ്റ്റാഫ് സെക്രട്ടറി ശ്രീ ലിജോ ജി എൽ എന്നിവർ ആശംസകളും അർപ്പിച്ചു.

ഗാന്ധിദർശൻ ഡയറക്ടർ ഡോ: പുളിക്കൻ സാറിന്റെ വാക്കുകൾ നമ്മുടെ സ്കൂളിലെ കുട്ടികൾക്കും അധ്യാപകർക്കും വളരെയേറെ പ്രചോദനം നൽകി. ഗാന്ധിജിയുടെ

ആശയങ്ങൾ കുട്ടികളിൽ എത്തിക്കാൻ സഹായിക്കുന്ന വാക്കുകളിലൂടെ കുട്ടികളിൽ നന്മയും, ഈശ്വരചിന്തയും, നല്ല പ്രവർത്തിയും ഒക്കെ വളർന്നുവരാൻ സഹായിക്കും.

നവംബർ ഒന്നിന് സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി സ്കൂളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു





സ്വദേശി ലോഷൻ നിർമ്മാണത്തിന്റെ വീഡിയോ ലിങ്ക് കുട്ടികൾക്ക് അയച്ചുകൊടുക്കുകയും കുട്ടികളെല്ലാം അത് കാണുകയും അതിനുശേഷം കുട്ടികൾ വീടുകളിൽ ലോഷൻ നിർമ്മിക്കുന്ന ഫോട്ടോ എടുത്ത് അയച്ചു തരുകയും ചെയ്തു. സ്കൂളിലും ലോഷൻ നിർമ്മിച്ചു.







ലോഷൻ നിർമാണവേളയിൽ ബഹുമാനപ്പെട്ട എച്ച് എം ശ്രീ ജോസ്

ഓൺലൈനിൽ കുട്ടികൾക്ക്  യോഗ പരിശീലനം നൽകി. ഇതിന് നേതൃത്വം വഹിച്ചത് തിരുവനന്തപുരം വിദ്യാഭ്യാസ ജില്ല ഗാന്ധിദർശൻ കൺവീനർ ശ്രീമതി ബീന ടീച്ചർ ആയിരുന്നു. ഗൂഗിൾ ലിങ്ക് കുട്ടികൾക്ക് അയച്ചു കൊടുക്കുകയും കുട്ടികൾ എല്ലാം തന്നെ യോഗപരിശീലനം നേടുകയും ചെയ്തു. യോഗ പരിശീലനം കുട്ടികൾക്ക് വളരെയധികം പ്രയോജനപ്പെട്ടു.

സ്വാതന്ത്ര്യത്തിന്റെ അമൃതതോത്സവത്തിന്റെ ഭാഗമായി കുട്ടികൾ മരം നട്ടു. വീടുകളിലെല്ലാം തന്നെ കുട്ടികൾ മരങ്ങൾ നടുകയും അവ സംരക്ഷിക്കുകയും, ഡയറിക്കുറിപ്പുകൾ ആയി എഴുതുകയും ചെയ്തു .കൂടാതെ മണക്കാട് സ്കൂളിലെ കുട്ടികൾ എഴുതിയ പ്രാദേശിക ചരിത്ര രചന ക്രോഡീകരിച്ച് ഒരു പുസ്തക പതിപ്പായി മാറ്റുകയും ചെയ്തു.





ഗാന്ധിദർശൻ പഠനപരിപാടിയുടെ ഭാഗമായി ഗാനാഞ്ജലി പരിശീലനവും നടന്നു. നേതൃത്വം വഹിച്ചത് ശ്രീമതി രമടീച്ചർ ആയിരുന്നു. ഗാന്ധിജിക്ക് ഇഷ്ടപ്പെട്ട ഗാനങ്ങൾ കുട്ടികൾക്ക് പഠിക്കാനുള്ള ഒരു അവസരം ലഭിച്ചു. തുടർന്ന് കുട്ടികൾ പാട്ട് പഠിക്കുകയും കുട്ടികളുടെ ഒരു ഗായകസംഘം സ്കൂളിൽ രൂപീകരിക്കുകയും ചെയ്തു.

മുൻ വർഷത്തെ പോലെ ഈ വർഷവും കുട്ടികൾക്ക് പാഠപുസ്തകം പഠനം സാധ്യമാക്കി. UP കുട്ടികൾക്ക് പഠിക്കാൻ ലഭിച്ചത് "മോനിയയുടെ കഥ "എന്ന പുസ്തകമായിരുന്നു. രചിച്ചത് ശ്രീ പി ജയചന്ദ്രൻ സാറായിരുന്നു ഹൈസ്കൂൾ കുട്ടികൾക്ക് പഠിക്കാൻ ലഭിച്ചത് "ഗാന്ധിജി ജീവിതവും സന്ദേശവും "എന്ന പുസ്തകമായിരുന്നു ഓൺലൈൻ വഴി കുട്ടികൾക്ക് പാഠപുസ്തകപഠനം നടത്തുകയും തുടർന്ന് സ്കൂൾ തുറന്നപ്പോൾ നേരിട്ട് പഠിക്കാനും സാധിച്ചു. കുട്ടികൾ ഈ പുസ്തകത്തിൻറെ നോട്ട് കുറിച്ച് സൂക്ഷിക്കുകയും ചെയ്തു.

**2020-21 അധ്യയനവർഷത്തിലെ റിപ്പോർട്ടിനും, ക്വിസ്പ്രോഗ്രാമിനും സമ്മാനങ്ങൾ ലഭിച്ചു.**






**ജനുവരി 24 ദേശീയ ബാലികാദിനം ആചരിച്ചു. അതിന്റെ ഭാഗമായി കുട്ടികൾക്ക് ചിത്രരചനാ മത്സരം സംഘടിപ്പിച്ചു. ഉപന്യാസരചന വിഷയം : "സമകാലിക ജീവിതത്തിൽ സ്ത്രീശാക്തീകരണത്തിന്റെ പ്രസക്തി "**

**ചിത്ര രചന വിഷയം :"സ്ത്രീ "**











**പാർവതി എ.ആർ.**
9-ാംതരം, ജി.വി.എച്ച്.എസ്.എസ്.
മണക്കാട്, തിരുവനന്തപുരം

# മണക്കാട് കാർത്തിക തിരുനാൾ സ്കൂൾ സമ്പൂർണ ഡിജിറ്റൽ വിദ്യാലയം



മന്ത്രിമാരായ വി ശിവൻകുട്ടി, ആന്റണി രാജു എന്നിവർ ചേർന്ന് വിദ്യാർഥികൾക്ക് ടിവി കൈമാറുന്നു

**തിരുവനന്തപുരം**

3300 കുട്ടികൾ പഠിക്കുന്ന മണക്കാട് കാർത്തിക തിരുനാൾ വിഎച്ച്എസ്എസ് മുഴുവൻ കുട്ടികൾക്കും ഓൺലൈൻ പഠനസൗകര്യമൊരുക്കി സമ്പൂർണ ഡിജിറ്റൽ വിദ്യാലയമായി. സമ്പൂർണ ഡിജിറ്റൽ വിദ്യാലയ പ്രഖ്യാപനം വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടിയും ഫോൺ, ടെലിവിഷൻ എന്നിവയുടെ വിതരണം ഗതാഗത മന്ത്രി ആന്റണി രാജുവും നിർവഹിച്ചു.

അധ്യാപകരുടെ കൂട്ടായ ഇടപെടലിന്റെ ഭാഗമായി ജൂൺ ഒന്നിനുശേഷം നൂറിലേറെ സ്മാർട്ട്ഫോണുകളും ഒരു ടെലിവിഷനും കുട്ടികൾക്കായി വിതരണം ചെയ്തിരുന്നു. വാർഡ് കൗൺസിലർ എസ് വിജയകുമാർ അധ്യക്ഷനായി. പ്രിൻസിപ്പൽ ഇൻ ചാർജ് ഹരികുമാർ, ഹെഡ്മിസ്ട്രസ് എൻ വിനിത കുമാരി, പിടിഎ പ്രസിഡന്റ് എം മണികണ്ഠൻ എന്നിവർ സംസാരിച്ചു.

**സ്കൂളിലെ പച്ചക്കറികൃഷി**



**ഗാന്ധിദർശൻ അധ്യാപകസംഗമത്തിൽ ഈ സ്കൂളിലെ അധ്യാപകരും പങ്കെടുത്തു.**



26th JAN
REPUBLIC DAY
INDIA
ഗവ.വി.&എച്ച്.എസ്.എസ്.ഫോർ ഗേൾസ് മണക്കാട്
റിപ്പബ്ലിക് ദിനാഘോഷം
26/01/2022 ബുധൻ 9 am(ഗൂഗിൾമീറ്റ് )
പ്രാർത്ഥന:
സ്വാഗതം : ശ്രീമതി. ബിനു കെ.ഐ
(സോഷ്യൽ സയൻസ് കൺവീനർ,
തിരു:സൗത്ത് ഉപജില്ല )
അധ്യക്ഷപ്രസംഗം : ശ്രീ. ജോസ് പി ജെ (ഹെഡ്മാസ്റ്റർ)
ഉദ്ഘാടനവും
റിപ്പബ്ലിക്ദിന സന്ദേശവും : ശ്രീ. ഷൈജു എസ് എൽ
(സോഷ്യൽ സയൻസ് ലക്ചറർ,
ഡയറ്റ് തിരുവനന്തപുരം)
ആശംസകൾ : ശ്രീ. സജീവ് കുമാർ എസ് എ ( ഡെപ്യൂട്ടി
ഹെഡ്മാസ്റ്റർ)
ശ്രീമതി. ലേഖ വിൽസൺ
(എച്ച്.എസ്. എസ്ആർ ജി കൺവീനർ)
ശ്രീമതി. കവിത
(യു പി എസ് ആർ ജി കൺവീനർ)
കുട്ടികളുടെ കലാപരിപാടികൾ
കൃതജ്ഞത : ശ്രീ ലിജോ ജി എൽ (സ്റ്റാഫ് സെക്രട്ടറി)
ദേശീയ ഗാനം


# റിപ്പബ്ലിക് ദിനാഘോഷം


## ഗവ. വി. & എച്ച്.എസ്.എസ്.ഫോർ ഗേൾസ് മണക്കാട്

26/01/2022
9 am (ഗൂഗിൾ മീറ്റ്)

| | |
|---|---|
| പ്രാർത്ഥന | : പൂർണേന്ദു ശങ്കർ 10 D |
| സ്വാഗതം | : ശ്രീമതി. ബിനു കെ.ഐ |
| അധ്യക്ഷപ്രസംഗം | : ശ്രീ ജോസ് പി ഇ (ഹെഡ്മാസ്റ്റർ) |
| **ഉദ്ഘാടനവും റിപ്പബ്ലിക്ദിന സന്ദേശവും** | **: ശ്രീ ഷൈല്ല എസ് എൽ** ( സോഷ്യൽ സയൻസ് ലക്ചറർ, ഡയറ്റ് തിരുവനന്തപുരം) |
| ആശംസകൾ | : ശ്രീ.സജീവ് കുമാർ എസ് എ ( ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ) |
| | : ശ്രീമതി കവിത (യു പി എസ് ആർ ജി കൺവീനർ) |
| | :ശ്രീമതി സരിത ടീച്ചർ |
| | : ശ്രീമതി മീനാംബിക ടീച്ചർ |
| പ്രസന്റേഷൻ | :പാർവതി A R 9G |
| പ്രസംഗം | :ദീപപ്രഭ 8D |
| ഡാൻസ് | :അനാമിക 8 K |
| പ്രസംഗം | :ആദിത്യ രാജീവ് 5 G |
| ദേശഭക്തിഗാനം | :ലക്ഷ്മികാ ചന്ദ് J M 6 E |
| | :അഫ്സാന എസ് 8 I |
| പ്രസംഗം | :അമൃത പ്രിയ 7 F |
| ഗാനം | :ഗോപിക ഗോപകുമാർ 6 B |
| ദേശഭക്തിഗാനം | : പൂർണേന്ദു ശങ്കർ 10 D, ഗംഗ കൃഷ്ണൻ B U 10 J, ശ്രേയാ നാഥ് L 8 B |
| പ്രസംഗം | :ദിയ ജാസ്മിൻ 8 D |
| | : അദ്വൈത രമേശ് 8 I |
| | :മർഫ 8 I |
| കൃതജ്ഞത | :ശ്രീ ലിജോ ജി എൽ (സ്റ്റാഫ് സെക്രട്ടറി) |
| ദേശീയ ഗാനം | |







# ജനുവരി 30 രക്തസാക്ഷിദിനം

ജനുവരി 30 രക്തസാക്ഷിദിനംആചരിച്ചു. സർവ്വമത പ്രാർത്ഥന, ഗാനാഞ്ജലി, പ്രതിജ്ഞ എന്നിവ നടത്തി. കുട്ടികൾക്ക് വിവിധ മത്സരങ്ങൾ നടത്തി. ഉപന്യാസരചന, പ്രസംഗം, ദേശഭക്തിഗാനം, എന്നിവയായിരുന്നു പ്രധാന ഇനങ്ങൾ. ഓൺലൈൻ വഴി മത്സരം നടത്തുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.



**ഗാന്ധിദർശൻ പഠനപരിപാടിയുടെ ഭാഗമായി നടന്ന മെഗാക്വിസിൽ തിരുവനന്തപുരം ജില്ലയിൽ ഒന്നാം സ്ഥാനം(HS) നേടിയ ശ്രീധി എസ് കുമാർ.**